## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:138      04/02/2013 - ൽ മറുപടിക്ക്

## വക്കം ഗ്രാമപഞ്ചായത്തിലെ തീരദേശറോഡു നിർമ്മാണപ്രവർത്തനങ്ങൾ

**ചോദ്യം**      **മറുപടി**

ശ്രീ. ബി. സത്യൻ:

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) തീരദേശറോഡുകളുടെ നവീകരണ പദ്ധതിയിലുൾപ്പെടുത്തി വക്കം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതപ്രവൃത്തികൾ എന്നു പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(എ) & (ബി) തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിലുൾപ്പെടുത്തി വക്കം ഗ്രാമപഞ്ചായത്തിൽ 2012-13 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | ഇപ്പോഴത്തെ അവസ്ഥ | ഏകദേശ പൂർത്തീകണ തീയതി |
|---|---|---|
| വക്കം ഗ്രാമ പഞ്ചായത്തിലെ പൂന്താന്റെ തൊടി മുതൽ കായൽ വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | പൂർത്തീകരിച്ചു | ബാധകമല്ല |
| വക്കം ഗ്രാമ പഞ്ചായത്തിലെ കുഞ്ചൻ വിളാകം മാവേശീധർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | പൂർത്തീകരിച്ചു | ബാധകമല്ല |
| വക്കം ഗ്രാമ പഞ്ചായത്തിലെ മൗലവി പള്ളി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. | 15/03/2013 |
| വക്കം ഗ്രാമ പഞ്ചായത്തിലെ കൊച്ചായിക്കട തോപ്പിൻകുളം-കണ്ണൻ ചിരട്ട റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | ടാറിംഗ് പ്രവൃത്തികൾ ഇനി ചെയ്യാനുണ്ട് | 15/03/2013 |

| | | |
|---|---|---|
| വക്കം ഗ്രാമ പഞ്ചായത്തിലെ രാമൻ വിളാകം കായൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | പ്രവൃത്തിയ്ക്ക് ഉടമ്പടിയിൽ ഏർപ്പെട്ടു | 31/03/2013 |
| വക്കം ഗ്രാമ പഞ്ചായത്തിലെ പുത്തൻവിള കായൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | പൂർത്തീകരിച്ചു | ബാധകമല്ല |
| വക്കം ഗ്രാമ പഞ്ചായത്തിലെ പുതുവൽ കായിക്കര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | ദർഘാസ് അംഗീകാരത്തിനായി സമർപ്പിച്ചു | 15/03/2013 |
| വക്കം ഗ്രാമ പഞ്ചായത്തിലെ പണിക്കന്റെ തൊടി മുതൽ കോട്ടുവിളാകം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | സാങ്കേതികാനുമതി നൽകുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു | 31/06/2013 |

(സി) വക്കം, ചെറുന്നിയൂർ, മണമ്പൂർ എന്നീ പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതിയതായി ഏതെല്ലാം റോഡുകൾ ഹാർബർ എൻജിനീയറിങ് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

(സി) വക്കം ഗ്രാമപഞ്ചായത്തിലെ

1. പഞ്ചവടി-ഏറായിൽ റോഡ്
2. വക്കം മാർക്കറ്റ് മുതൽ വാടായിൽ റോഡ്
3. കോയിയത്ത്-ഇടൈവിളാകം-കായൽവാരം റോഡ്

തുടങ്ങിയ പ്രവൃത്തികൾ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ